"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കും മറ്റ് ബിരുദധാരികൾക്കും സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം — കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിയും മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.7/2026/BCDD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-

1). 06/05/2025 ലെ സ.ഉ.(സാധാ)നം.43/2025/പി.വി.വി.വ നമ്പർ സർക്കാർ ഉത്തരവ്.

2). 27/01/2025 ലെ സ.ഉ.(സാധ.)നം.11/2025/പിവിവിവ നമ്പർ സർക്കാർ ഉത്തരവ്.

3). പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04/12/2025-ലെ ബി.സി.ഡി.ഐ.ആർ/305/2025-ബി1 നമ്പർ കത്ത്.

4) 06/12/2025 തീയതിയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

**2025-26** വർഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ "പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം" നൽകുന്ന പദ്ധതിയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) ചേർന്ന് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു.

2) സംസ്ഥാനത്തെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഗവൺമെന്റ് നോഡൽ ഏജൻസിയായ Kerala Start Up Mission (KSUM) നുമായി സഹകരിച്ച് "പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം" നൽകുന്ന പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) പ്രകാരം വിശദമായ പ്രൊപ്പോസൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രപ്പോസൽ 12/12/2025 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്തു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2025-26 വർഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ "പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം" നൽകുന്ന പദ്ധതിയ്ക്ക് 2,50,00,000/- (രണ്ട് കോടി അമ്പത് ലക്ഷം) രൂപയിൽ നിജപ്പെടുത്തി പുതുക്കിയ ഭരണാനുമതി നല്കുന്നു. പ്രസ്തുത പദ്ധതിക്ക് താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

1 . <u>ധനസഹായം</u>:- BCDD-KSUM മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് ഘട്ടങ്ങളായി ധനസഹായം നൽകും.

a. ഐഡിയ ഗ്രാന്റ് (Idea Grant): 3 ലക്ഷം രൂപ.
b. പ്രൊഡക്റ്റൈസേഷൻ ഗ്രാന്റ് (Productization Grant): 7 ലക്ഷം രൂപ.

2. <u>യോഗ്യത</u>:- പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കൊപ്പം മറ്റ് ബിരുദധാരികളെയും (Any Graduates) പദ്ധതിയിൽ ഉൾപ്പെടുത്തും. എഞ്ചിനീയറിംഗ്/IT ബിരുദധാരികൾക്ക് മുൻഗണന നൽകുന്നതാണ്.

3. <u>പ്രായപരിധി</u>:- 23 നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

4. <u>വരുമാന പരിധി</u>:- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കവിയരുത്.

5 . <u>ഗ്രൂപ്പ് ഘടന</u>:- മൂന്ന് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള കുറഞ്ഞത് 23 ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകുന്നത്. ഒരു ഗ്രൂപ്പിന് ലഭിക്കുന്ന പരമാവധി തുക 10 ലക്ഷം രൂപയാണ്.

6 . <u>സംവരണം</u>:- ഓരോ ഗ്രൂപ്പിലും 80% അംഗങ്ങൾ ഒ.ബി.സി (OBC) വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. തിരഞ്ഞെടുക്കുന്നവരിൽ 10% വനിതാ ബിരുദധാരികൾക്കും 10% പിന്നാക്ക വിഭാഗത്തിലെ മറ്റർഹ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കും നീക്കിവെക്കുന്നതാണ്.

7 . <u>അഡ്മിനിസ്ട്രേറ്റീവ് ചാർജ്</u>:- പദ്ധതി നടത്തിപ്പിനായി KSUM-ന് ആകെ പ്രോജക്ട് ചിലവിന്റെ 5% (12,50,000/- രൂപ) അഡ്മിനിസ്ട്രേറ്റീവ് ചാർജായി നൽകാവുന്നതാണ്.

8 . <u>തിരഞ്ഞെടുപ്പ് രീതി</u>:- വിജ്ഞാപനം പുറപ്പെടുവിക്കുന്നതും പ്രാഥമിക തിരഞ്ഞെടുപ്പ് നടത്തുന്നതും KSUM ആയിരിക്കും. പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അംഗീകരിച്ച വിദഗ്ധ സമിതി (Expert Committee) ഗുണഭോക്താക്കളെ അന്തിമമായി തിരഞ്ഞെടുക്കും. തുക രണ്ട് ഗഡുക്കളായി KSUM മുഖേന വിതരണം ചെയ്യും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ടെക്നോപാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഐ.ടി വകുപ്പ്
ചീഫ്, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Niza A
Date: 19-01-2026 15:39:12

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ